"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2026 വർഷത്തെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് അധികമായി ആവശ്യം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1541/2026/LSGD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:-
1. 14/08/2025-ലെ സ.ഉ.(സാധാ) നം. 2018/2025/തസ്വഭവ
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/07/2026-ലെ 7249/J1/2018/KSHO നമ്പർ കത്ത്.

**ഉത്തരവ്**

2026 വർഷത്തെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ആയതിലേയ്ക്കായി ഓരോ ഗ്രാമ സി.ഡി.എസ്. തലത്തിൽ പരമാവധി 1,00,000/- രൂപയും, നഗര സി.ഡി.എസ്. തലത്തിൽ പരമാവധി 1,50,000/- രൂപയും വിനിയോഗിക്കുന്നതിനും, ഓണച്ചന്തകളുടെ നടത്തിപ്പിനായി കുടുംബശ്രീ ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ റൂറൽ സി.ഡി.എസിനും നഗരസഭാ തലത്തിൽ ഓരോ സി.ഡി.എസിനും 20,000/-രൂപ വീതം രണ്ടു മേളകൾ നടത്തുന്നതിനായി ചെലവഴിക്കുന്നതിനും, അധികമായി ആവശ്യം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-ലെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് കുടുംബശ്രീ വിഹിതം, സ്പോൺസർഷിപ്പ് എന്നീ ഇനങ്ങളിൽ ലഭ്യമായതിൽ അധികമായി ആവശ്യം വരുന്ന ചെലവുകൾക്ക് ഒരു ഗ്രാമ സി.ഡി.എസ്സിന് പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപ വരെയും, നഗരസഭാതലത്തിൽ ഓരോ സി.ഡി.എസിനും 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപ വരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിനു വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി ധർമലശ്രീ ഐ എ എസ്

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (IA1/313/2026-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്:-**
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.